മലപ്പുറം - 17

കണ്ണൂർ - 86

കോഴിക്കോട് - 100

(ബി) ഇല്ല.

(സി) ഭൂരിഭാഗം ഒഴിവുകളും പി.എസ്.സി.യെ അറിയിച്ചു കഴിഞ്ഞു. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ താൽക്കാലികാടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സുമാരെ നിയമിക്കുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

റാന്നി താലൂക്കാശുപത്രിയിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

159 (3862) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിൽ പ്രതിവർഷം മൂന്നു കോടിയിലധികം ശബരിമല തീർത്ഥാടകർ എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രോഗികളായ തീർത്ഥാടകരെ കിടത്തി ചികിത്സിക്കുവാൻ എന്തൊക്കെ സൗകര്യങ്ങളാണ് റാന്നി താലൂക്കിൽ ലഭ്യമായിട്ടുള്ളത് ;

(സി) പമ്പയിൽ എത്രപേരെ കിടത്തി ചികിത്സിക്കാൻ കഴിയും ;

(ഡി) കഴിഞ്ഞ ഒന്നര മാസക്കാലത്തിനിടയിൽ പകർച്ചപ്പനി ബാധിച്ച് എത്ര പേരെ താലൂക്കിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സയ്ക്കെത്തിയിട്ടുണ്ട് ;

(ഇ) റാന്നി താലൂക്കിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പുകൾ ഏതെല്ലാം ആയിരുന്നു ; ഓരോ ക്യാമ്പിലും എത്രപേർ വീതം ചികിത്സയ്ക്കെത്തുകയുണ്ടായി ;

(എഫ്) റാന്നി താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പ്രകാരം തസ്തിക അനുവദിച്ച് കിടത്തി ചികിത്സ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ജി) പുതിയ കെട്ടിടത്തിനാവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുവാനും കാന്റീൻ, ബ്ലഡ് ബാങ്ക്, മോർച്ചറി, മാലിന്യനിർമ്മാർജ്ജനം എന്നിവ നടപ്പിലാക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രോഗികളായ തീർത്ഥാടകരെ കിടത്തി ചികിത്സിക്കാൻ റാന്നി താലൂക്കിൽ പമ്പയിൽ ആറും (6) സി.എച്ച്.സി. റാന്നി പെരുനാട്ടിൽ പതിനഞ്ചും (15) നീലിമലയിൽ നാലും (4) അപ്പാച്ചിമേട്ടിൽ നാലും (4) സന്നിധാനത്ത് ആറും (6) കിടക്കകൾ ഉണ്ട്.

(സി) ആറ്. (6)

(ഡി) 860 പേർ.

(ഇ) റാന്നി താലൂക്കിൽ സർക്കാർ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പുകൾ താഴെപറയും വിധമാണ്.

തീയതി	സ്ഥലം	പങ്കെടുത്തവർ
24-6-2003	റാന്നി, പഴവങ്ങാടി	700
24-6-2003	റാന്നി, കമ്മ്യൂണിറ്റിഹാൾ	740
24-6-2003	റാന്നി, അങ്ങാടി	500
25-6-2003	വടശ്ശേരിക്കര	1351
25-6-2003	വെച്ചൂച്ചിറ	741
27-6-2003	റാന്നി, പെരുനാട് (സാംസ്കാരിക നിലയം)	691
27-6-2003	ചിറ്റാർ	630
1-7-2003	വെച്ചൂച്ചിറ	497
2-7-2003	വടശ്ശേരിക്കര	2306
3-7-2003	റാന്നി പെരുനാട്	404

(എഫ്) തസ്തിക സൃഷ്ടിക്കുന്നതിൽ നിലനിൽക്കുന്ന നിരോധനം മാറുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ജി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

റാന്നി താലൂക്കാശുപത്രിയുടെ ശോചനീയാവസ്ഥ

160 (3863) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പി.എച്ച്.സി. എന്നാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയതെന്ന് പറയാമോ ;

(ബി) താലൂക്കാശുപത്രിയുടെ എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിരിക്കുന്നത് ; വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly